പുതിയ സ്കീം:

വിഷയം	അക്ഷരത്തെറ്റുകൾ	അക്ഷരത്തെറ്റു മൂലമുള്ള അവ്യക്തത
സോഷ്യൽ സയൻസ് II	47	2
ഫിസിക്സ്	36	..
കെമിസ്ട്രി	12	4
ബയോളജി	14	..
ഐ. റ്റി.	9	..

പഴയ സ്കീം:

വിഷയം	അക്ഷരത്തെറ്റുകൾ	അക്ഷരത്തെറ്റു മൂലമുള്ള അവ്യക്തത
ജോഗ്രഫി	27	..
ഫിസിക്സ്	30	..
കെമിസ്ട്രി	5	..
ബയോളജി	23	..

(ഡി) അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് വൻ സുരക്ഷാ ക്രമീകരണങ്ങളുള്ള അന്യസംസ്ഥാന പ്രസ്സിനാണ് പ്രിന്റിംഗ് ചുമതല നൽകിയിരുന്നത്. എന്നാൽ പത്ത് ദിവസങ്ങൾക്കുള്ളിൽ ചോദ്യപേപ്പർ പ്രിന്റ് ചെയ്ത് പരീക്ഷാ സെന്ററുകളുടെ ആവശ്യാനുസരണം സീൽ ചെയ്ത് പുതിയ സെക്യൂരിറ്റി സീൽ പതിപ്പിച്ച് സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും എത്തിക്കുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്. മുൻ വർഷങ്ങളിലെപ്പോലെ പ്രൂഫ് റീഡിംഗ് പ്രിന്ററുടെ ചുമതലയിൽ തന്നെയാണ് നടത്തേണ്ടിയിരുന്നത്. രഹസ്യസ്വഭാവം നിലനിർത്തേണ്ടതിനാൽ ഔദ്യോഗിക തലത്തിലുള്ള ഇടപെടലുകൾ ഒന്നും തന്നെ ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. നാല് മാസംകൊണ്ട് ചെയ്തു തീർക്കേണ്ട പ്രക്രിയ പുതിയ സെക്യൂരിറ്റി സംവിധാനത്തിൽ പത്ത് ദിവസംകൊണ്ട് പൂർത്തിയാക്കിയാണ് പരീക്ഷ നടത്തിയത്. ചോദ്യപേപ്പർ പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്തു കഴിഞ്ഞതിനുശേഷമാണ് അക്ഷരത്തെറ്റ് ശ്രദ്ധയിൽപ്പെടുന്നത്. ചുരുങ്ങിയ സമയപരിധിക്കുള്ളിൽതന്നെ ചോദ്യപേപ്പർ തയ്യാറാക്കേണ്ടിവന്ന സാഹചര്യത്തിലാണ് പ്രൂഫ് റീഡിംഗിലെ അപാകതമൂലമുണ്ടായ തെറ്റുകൾ മലയാളം പതിപ്പിൽ മാത്രമായി ഉണ്ടായത്.

പിന്നോക്ക സമുദായ ക്ഷേമ വികസന പദ്ധതികൾ

2 [224] ശ്രീ. ചെർക്കളം അബ്ദുള്ള:
,, സി. ടി. അഹമ്മദ് അലി:
,, ടി. പി. എം. സാഹിർ:
,, സി. മോയിൻകുട്ടി:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സഭയ്ക്ക് മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക സമുദായ ക്ഷേമ വികസന കോർപ്പറേഷനിലൂടെ ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്?

ഉത്തരം

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിലൂടെ ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്:

മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾക്ക്—

1. സ്വയം തൊഴിൽ വായ്പാ പദ്ധതി
2. വിദ്യാഭ്യാസ വായ്പാ പദ്ധതി
3. സന്നദ്ധ സംഘടനകൾ വഴി ലഘു വായ്പാ പദ്ധതി.

മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക്—

1. വനിതകൾക്കായുള്ള പ്രത്യേക സ്വയംതൊഴിൽ പദ്ധതി
2. സ്വയം സാക്ഷ്യം–'സ്വയംതൊഴിൽ' വായ്പാ പദ്ധതി (പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയിട്ടുള്ളവർക്ക്)
3. പെൺകുട്ടികളുടെ വിവാഹ സഹായ പദ്ധതി
4. സർക്കാർ/പൊതു/സ്വകാര്യമേഖലാ ഉദ്യോഗസ്ഥർക്കുള്ള ഇരുചക്ര വാഹന വായ്പാ പദ്ധതി
5. വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള വായ്പാ പദ്ധതി
6. വിദേശത്ത് ജോലി തേടി പോകുന്നവർക്കുള്ള വായ്പാ പദ്ധതി
7. സർക്കാർ/പൊതു/സ്വകാര്യ മേഖലാ ഉദ്യോഗസ്ഥർക്കുള്ള കൺസ്യൂമർ ഡ്യൂറബിൾ വായ്പാ പദ്ധതി
8. സർക്കാർ/പൊതു/സ്വകാര്യ മേഖലാ ഉദ്യോഗസ്ഥർക്കുള്ള വേന പുനരുദ്ധാരണ വായ്പാ പദ്ധതി
9. ഇൻസ്റ്റിറ്റ്യൂട്ട്/ഫ്രാൻചൈസ് ഡെവലപ്പ്മെൻറ് വായ്പാ പദ്ധതി.

സർക്കാർ എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നത് പരിഹരിക്കാൻ നടപടി

3 [225] ശ്രീ. എ. സി. ഷൺമുഖദാസ്:
,, സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
,, കെ. സി. ജോസഫ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) ഏതെങ്കിലും ജില്ലയിൽ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly